## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2642

06.11.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് സാമ്പത്തിക സഹായം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നിലവിലുള്ളത് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പും, കേരള സ്റ്റാർട്ട് അപ് മിഷനും സംയുക്തമായി നടപ്പാക്കുന്ന സ്റ്റാർട്ട്അപ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിക്കുന്ന വ്യവസായ സംരംഭകർക്ക് 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4 സ്റ്റാർട്ട്അപ്പുകൾക്ക് 10 ലക്ഷം രൂപ വീതം പലിശ രഹിത സീഡ് വായ്പ നല്കുന്നതിനായി 40 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. പട്ടികജാതിക്കാർക്ക് മൂന്ന ലക്ഷം രൂപ വരെ വായ്പയും ഒരു ലക്ഷംവരെ സബ്സിഡിയും അനുവദിക്കുന്ന വ്യക്തിഗത പദ്ധതിയും നിലവിലുണ്ട്.<br>പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ വഴിയും സ്റ്റർട്ട് അപ്പുകൾക്ക് ധനസഹായവും വായ്പയും ലഭ്യമാണ്. സ്വയം സഹായ സംഘങ്ങൾക്ക സബ്സിഡിയും വായ്പയും നൽകുന്ന പദ്ധതിയും നിലവിലുണ്ട്. 10 ലക്ഷം രൂപ വരെ വായ്പയും 7.5 ലക്ഷം രൂപ സ്ബ്സിഡിയും ലഭിക്കും.<br>പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിൽ ഇല്ലായ്മ പരിഹരിക്കുന്നതിന് വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം ചെയ്തു വരുന്നു. വ്യകതിഗത വ്യവസായ സംരംഭങ്ങളെക്കാൾ ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങൾക്കാണ് വകുപ്പ് ധനസഹായം നൽകുന്നത് ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് വകുപ്പ് ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ എറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br>1. ഗോത്രജീവിക<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ |

| | | | |
|---|---|---|---|
| | | | നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കി വരുന്നു.<br>2. അട്ടപ്പാടി ട്രൈബൽ അപാരൽ പാർക്ക്<br>അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ 6 മാസത്തെ പരിശീലനം പൂർത്തീകരിച്ച് 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗങ്ങൾക്ക് ബാങ്കുകളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോൺ ലഭ്യമാക്കുവാനും ലോൺ വ്യവസ്ഥകൾ ഉദാരമാക്കുവാനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ; | (ബി) | സ്റ്റാർട്ട് അപ് ഡ്രീംസ് പദ്ധതിയിൽ പട്ടികജാതി വികസന വകുപ്പ് മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നൽകുന്നതിനു പകരം സർക്കാർ നേരിട്ട് ടി തുക ഗ്രാന്റായി സ്ഥാപനത്തിന് അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്.<br>പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും വായ്പ നൽകി വരുന്നു. വ്യവസ്ഥകൾ ഉദാരമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ലോൺ ലഭ്യമാക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ആയത് അനുസരിച്ച് ലോണുകൾ ലഭ്യമാക്കുന്നുണ്ട്. ചെറുകിട സംരംഭങ്ങൾക്ക് വകുപ്പ് നേരിട്ട് ധനസഹായം നല്കി വരുന്നു. |
| (സി) | ടി വിഭാഗങ്ങൾക്ക് വ്യവസായങ്ങൾ തുടങ്ങുവാനും, സ്റ്റാർട്ട്അപ്പുകൾ തുടങ്ങുവാനും പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിലെ അംബേദ്കർ ഭവനിൽ സ്റ്റാർട്ട് അപ് മിഷനും പട്ടികജാതി വികസന വകുപ്പും സംയുക്തമായി ആരംഭിച്ച സ്റ്റാർട്ട്അപ് ഡ്രീംസ് എന്ന പ്രോജക്ട് മുഖേന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റാർട്ട് അപ് ഡ്രീംസിൽ എൻറോൾ ചെയ്തു പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ടെക്നിക്കൽ അഡ്വൈസ് നൽകുന്ന mentorship പ്രോഗ്രാമാണ് നടപ്പിലാക്കി വരുന്നത്.<br>പട്ടികവർഗ്ഗ വിഭാഗക്കാരെ വ്യവസായ സംരംഭകരാക്കുക എന്നതിലുപരി പട്ടികവർഗ്ഗക്കാർക്ക് 'ഒരാൾക്ക് ഒരു ജോലി' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ധാരാളം പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഭാഗമായി 2019-20 സാമ്പത്തിക വർഷം തൊഴിൽ നൈപുണ്യ പരിശീലനം നടത്തുന്നതിനായി 1725 പട്ടികവർഗ്ഗ വിഭാഗക്കാരെ തെരഞ്ഞെടുത്ത് പരിശീലനം നടത്തി വരുന്നു. ഇതിലൂടെ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യത ഉറപ്പ് വരുത്താൻ സാധിക്കുന്നു. ഈ വർഷം |

| | | | |
|---|---|---|---|
| | | | എറ്റെടുത്തത് ഉൾപ്പെടെ 5431 യുവതീയുവാക്കൾക്ക് ഇതിനോടകം നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.ടി. മേഖലയിൽ ഡെസ്ക്ക്ടോപ്പ് എഞ്ചിനീയറിംഗ് ഹാർഡ് വെയർ / സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി സെൻടൽ ഓഫ് സ്കിൽ എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ